പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5054 — 01/07/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കോളനികൾ വികസിപ്പിക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | കുമാരി.പി.കെ.ജയലക്ഷ്മി<br>[പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി] |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഒരു കോടി രൂപ ചെലവഴിച്ച് , തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികൾ വികസിപ്പിക്കുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ തിരഞ്ഞെടുത്ത 20 പട്ടികവർഗ്ഗ കോളനികളിൽ ഓരോ കോളനിയും 1 കോടി രൂപ ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി 2013-14 വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | എങ്കിൽ ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റ്, നടപ്പാത, കമ്മ്യൂണിറ്റി സെന്റർ, അംഗനവാടിയ്ക്ക് കെട്ടിടം, ലിങ്ക് റോഡ് എന്നിവയ്ക്കായി പരമാവധി ഒരു കോടി രൂപ ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതി. ഇപ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന് വേണ്ടി 2013-14 സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ആയത് സംബന്ധിച്ച ഉത്തരവുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | | ആയത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ